# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 228 — 28/11/2018-ൽ മറുപടിക്ക്

### നിപ്പ വൈറസ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.വി.വിജയദാസ്** | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
| എ) കേരളത്തിൽ ബാധിച്ച നിപ്പയുടെ ഉറവിടം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | എ) കേരളത്തിൽ ബാധിച്ച നിപ്പ രോഗത്തിന്റെ ഉറവിടം കൃത്യമായി നിശ്ചയിക്കപ്പെട്ടിട്ടില്ല/ കണ്ടെത്തിയിട്ടില്ല. എങ്കിലും പ്രദേശത്ത് നിന്നും ശേഖരിച്ച പഴം തീനി വവ്വാലുകളിൽ നിപ വൈറസ് കണ്ടെത്തിയിട്ടുണ്ട്. മുൻപേ ഈ രോഗം സ്ഥിരീകരിച്ച രാജ്യങ്ങളായ ബംഗ്ലാദേശ്, മലേഷ്യ എന്നിവിടങ്ങളിലും വവ്വാലുകളിൽ നിപ വൈറസ് കണ്ടെത്തിയിരുന്നു. അതിനാൽ ലോകാരോഗ്യ സംഘടനയുടെ അനുമാനം അനുസരിച്ച് പഴം തീനി വവ്വാലുകൾ നിപ വൈറസിന്റെ ഉറവിടമായി കരുതുന്നു. |
| ബി) ഈ സ്ഥിതി വിശേഷം ആവർത്തിക്കാതിരിക്കുവാൻ എന്തെല്ലാം മുൻകരുതലുകളാണ് ആരോഗ്യ വകുപ്പ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ? | ബി) ആരോഗ്യവകുപ്പ് അതീവ ജാഗ്രതയോടെ മുൻകരുതലുകൾ സ്വീകരിച്ചുവരുന്നു. മസ്തിഷ്കജ്വര ലക്ഷണങ്ങളുമായി വരുന്ന മുഴുവൻ രോഗികളുടെയും രക്തം, മൂത്രം, സുഷുമ്ന, സ്രവം മുതലായവ നിപ രോഗാണുവിനെ കണ്ടെത്താനുള്ള ടെസ്റ്റുകൾക്ക് വിധേയമാക്കി വരുന്നു. ഇതിനായി പൂനെയിലെ ദേശീയ വൈറോളജി ലാബിന്റെയും, മണിപ്പാൽ വൈറോളജി ലാബിന്റെയും സഹായം ലഭ്യമാക്കുന്നുണ്ട്. പഴംതീനി വവ്വാലുകൾ കൂടുതൽ പാർക്കുന്ന പ്രദേശങ്ങളിൽ പ്രത്യേകം നിരീക്ഷണം മൃഗസംരക്ഷണ വകുപ്പുമായി ചേർന്ന് നടത്തുന്നു. മൃഗ സംരക്ഷണ വകുപ്പുമായി സംയോജിച്ചുള്ള ഗവേഷണ പ്രവർത്തനങ്ങൾക്ക് ശ്രമം നടത്തി വരുന്നു. പൊതുജനങ്ങളുടെ ശ്രദ്ധയ്ക്കായി പ്രത്യേക ബോധവത്കരണ പരിപാടികൾ നടത്തുകയും വവ്വാലുകൾ ഭക്ഷിച്ച് ബാക്കിയാവുന്ന വിവിധയിനം പഴവർഗ്ഗങ്ങൾ മനുഷ്യർ ഭക്ഷിക്കാതിരിക്കാൻ പ്രത്യേകം പ്രചരണം നടത്തുകയും ചെയ്യുന്നു. ആശുപത്രികളിൽ അണുനശീകരണ |

പ്രവർത്തനങ്ങൾ ശക്തമായി നടപ്പിലാക്കുകയും ജീവനക്കാർക്ക് ആവശ്യമായ ഉപകരണങ്ങളും സാധന-സാമഗ്രികളും ഉറപ്പാക്കുകയും ചെയ്യുന്നുണ്ട്. ഇത്തരം ശക്തമായ പ്രവർത്തനങ്ങൾ വഴി ഇനിയൊരു നിപ രോഗബാധയോ, അതുമൂലമുള്ള മരണങ്ങളോ പ്രതിരോധിക്കാമെന്ന് പ്രതീക്ഷിക്കുന്നു.

**സെക്ഷൻ ഓഫീസർ**